<u>വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിക്രമം</u>
<u>(അവതരണം : MIR MOHAMMED ALI I A S)</u>

നം. DIC/12713/2018-ED3-Part(1) തീയതി : 26-12-2024

വിഷയം:- വ്യവസായം- ജീവനക്കാര്യം- ഉപജില്ലാ വ്യവസായ ഓഫീസർ തസ്തികയിലെ സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്-

പരാമർശം:- 1. 15.03.2024 തീയതിയിലെ DIC/1079/2024-EE1 നമ്പർ സെലക്ട് ലിസ്റ്റ്
2. 30.11.2024 തീയതിയിലെ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ DICMPM/364/2020-EM നമ്പർ നടപടിക്രമം.

<u>ഉത്തരവ്</u>

പരാമർശം (2) പ്രകാരം മഞ്ചേരി താലൂക്ക് വ്യവസായ ഓഫീസിലെ ഉപ ജില്ലാ വ്യവസായ ഓഫീസർ ആയ ശ്രീ.സെയ്ദലവി.എം.സി, 30.11.2024 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ നിലവിൽ വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ ഉപ ജില്ലാ വ്യവസായ ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് വന്നിട്ടുണ്ട്. ആയതു നികത്തേണ്ടതായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉപ ജില്ലാ വ്യവസായ ഓഫീസർമാരുടെ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ഉത്തരവാകുന്നു.

<u>സ്ഥലംമാറ്റം</u>

1. മഞ്ചേരി താലൂക്ക് വ്യവസായ ഓഫീസിലെ ഉപ ജില്ലാ വ്യവസായ ഓഫീസർ ആയിരുന്ന ശ്രീ.സെയ്ദലവി.എം.സി സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിലേയ്ക്ക് മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉപ ജില്ലാ വ്യവസായ ഓഫീസർ ആയ ശ്രീ.ശ്രീരാജ്.എം-ന് അപേക്ഷ പ്രകാരം സ്ഥലംമാറ്റം നൽകി നിയമിക്കുന്നു.

<u>സ്ഥാനക്കയറ്റം</u>

താഴെ പറയുന്ന വ്യവസായ വികസന ഓഫീസർക്ക് Rs.51,400-1,10,300/- ശമ്പള സ്കെയിലിൽ ഉപ ജില്ലാ വ്യവസായ ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

1 . മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉപ ജില്ലാ വ്യവസായ ഓഫീസർ ആയ ശ്രീ.ശ്രീരാജ്.എം-ന് സ്ഥലംമാറ്റം നൽകുമ്പോൾ ടി കാര്യാലയത്തിൽ ഉണ്ടാകുന്ന ഉപ ജില്ലാ വ്യവസായ ഓഫീസറുടെ ഒഴിവിലേയ്ക്ക് സുൽത്താൻ ബത്തേരി ബ്ലോക്കിലെ (വൈത്തിരി താലൂക്ക് വ്യവസായ ഓഫീസ്, വയനാട് ജില്ലാ വ്യവസായ കേന്ദ്രം) വ്യവസായ വികസന ഓഫീസർ ശ്രീമതി.വി.എൻ.ഗിരിജ (പെൻ:201347)-യ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ ശമ്പള നിർണ്ണയം 10.02.2021 തീയതിയിലെ സ.ഉ.(അച്ചടി) നം.27/2021/ധന പ്രകാരം നടത്തേണ്ടതാണ്.സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാരി, ജോലിയിൽ പ്രവേശിച്ച വിവരം നിയന്ത്രണാധികാരി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ഉത്തരവ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്. (www.industry.kerala.gov.in) ആയത് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഉത്തരവിന്റെ പകർപ്പ് നിയന്ത്രണാധികാരിക്കും സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാർക്കും പ്രത്യേകം നൽകുന്നതല്ല.

MIR MOHAMMED ALI I A S
DIRECTOR

സ്വീകർത്താവ്:- മേൽ പരാമർശിച്ച എല്ലാ ജീവനക്കാർക്കും (നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:- 1. അക്കൗണ്ടന്റ് ജനറൽ (A&E) ,കേരള, തിരുവനന്തപുരം.

2. ഐ.റ്റി സെക്ഷൻ / ഇ.ഇ സെക്ഷൻ.
3. സ്റ്റോക്ക് ഫയൽ / അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

Signed by
K.r. Hiranmayi
Date: 27-12-2024 11:29:37